✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1107

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

**സൂക്തം: 114 – 122**

ഖിബ്ത്വി ദേശീയതയും സംസ്കാരവും തകർത്ത് രാജ്യത്തിന്റെ അധികാരം പിടിച്ചടക്കാനും ദേശീയ ജനതയെ ഈജിപ്തിൽനിന്ന് പുറത്താക്കി രാജ്യം അടിമകളായ ഇസ്രാഈല്യരുടേതാക്കി മാറ്റാനുമാണ് മൂസാ രംഗപ്രവേശം ചെയ്തിരിക്കുന്നതെന്ന് വാദിച്ചുകൊണ്ട് ഫറവോൻ ഖിബ്ത്വികളെ അദ്ദേഹത്തിനെതിരിൽ ഇളക്കിവിടുകയായിരുന്നു. ഈജിപ്തിൽനിന്ന് ഒളിച്ചോടുകയല്ലാതെ ഇസ്രാഈല്യർക്ക് സ്വാതന്ത്ര്യത്തിലേക്ക് വഴിയില്ലായിരുന്നു. മൂസാ നബിയും സമുദായവും അതുതന്നെ ചെയ്തു. ഫറവോനും സൈന്യവും അവരെ പിടികൂടാൻ പിന്തുടർന്നു. ആ പിന്തുടരലാണ് ചെങ്കടലിന്റെ ആഴങ്ങളിൽ അയാളുടെ സമ്പൂർണ നാശത്തിൽ കലാശിച്ചത്.

114. മൂസാ ഹാറൂൻ പ്രവാചകന്മാരോടും നാം ഔദാര്യം ചെയ്തിരിക്കുന്നു.

وَلَقَدْ مَنَنَّا عَلَىٰ مُوسَىٰ وَهَٰرُونَ ﴿١١٤﴾

115. അവരെയും അവരുടെ സമുദായത്തെയും മഹാക്ലേശത്തിൽനിന്ന് രക്ഷിച്ചു.

وَنَجَّيْنَٰهُمَا وَقَوْمَهُمَا مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿١١٥﴾

116. നാം അവരെ സഹായിച്ചുകൊണ്ടിരുന്നു. അങ്ങനെ അവർ തന്നെ ജേതാക്കളായിത്തീർന്നു.

وَنَصَرْنَٰهُمْ فَكَانُوا۟ هُمُ ٱلْغَٰلِبِينَ ﴿١١٦﴾

117. ഇരുവർക്കും നാം ഏറ്റം തെളിഞ്ഞ വേദമരുളി.

وَءَاتَيْنَٰهُمَا ٱلْكِتَٰبَ ٱلْمُسْتَبِينَ ﴿١١٧﴾

118. ഇരുവരെയും നേരായ പാതയിൽ നയിക്കുകയും ചെയ്തു.

وَهَدَيْنَٰهُمَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿١١٨﴾

119. അദ്ദേഹത്തിന്റെയും സൽകീർത്തി നാം പിൽക്കാലക്കാരിൽ അവശേഷിപ്പിച്ചിരിക്കുന്നു.

وَتَرَكْنَا عَلَيْهِمَا فِى ٱلْءَاخِرِينَ ﴿١١٩﴾

120. മൂസാ-ഹാറൂൻമാർക്ക് സലാം.

سَلَٰمٌ عَلَىٰ مُوسَىٰ وَهَٰرُونَ ﴿١٢٠﴾

121. ഈ വിധം തന്നെയാകുന്നു സുകൃതർക്ക് നാം സമ്മാനമരുളുന്നത്.

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٢١﴾

122. ഇരുവരും നമ്മുടെ യഥാർഥ സത്യവിശ്വാസികളായ ദാസന്മാരിൽപെട്ടവരല്ലോ.

إِنَّهُمَا مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿١٢٢﴾

**114–122**

وَلَقَدْ مَنَنَّا = തീർച്ചയായും നാം ഔദാര്യം ചെയ്തിരിക്കുന്നു
عَلَىٰ مُوسَىٰ وَهَارُونَ = മൂസാ-ഹാറൂൻ (പ്രവാചകൻ)മാർക്ക്
وَنَجَّيْنَاهُمَا = ഇരുവരെയും നാം രക്ഷിച്ചു
وَقَوْمَهُمَا = അവരുടെ സമുദായത്തെയും
مِنَ الْكَرْبِ الْعَظِيمِ = മഹാക്ലേശത്തിൽനിന്ന്
وَنَصَرْنَاهُمْ = നാം അവരെ സഹായിച്ചുകൊണ്ടിരുന്നു
فَكَانُوا هُمُ = അങ്ങനെ അവർ തന്നെ ആയിത്തീർന്നു
الْغَالِبِينَ = ജേതാക്കൾ
وَآتَيْنَاهُمَا = ഇരുവർക്കും നാം നൽകി (അരുളി)
الْكِتَابَ الْمُسْتَبِينَ = ഏറ്റം തെളിഞ്ഞ വേദം
وَهَدَيْنَاهُمَا = ഇരുവരെയും നാം നയിക്കുകയും ചെയ്തു
الصِّرَاطَ الْمُسْتَقِيمَ = നേരായ പാതയിൽ
وَتَرَكْنَا عَلَيْهِمَا = ഇരുവരുടെയും (സൽകീർത്തി) നാം അവശേഷിപ്പിച്ചിരിക്കുന്നു
فِي الْآخِرِينَ = പിൽക്കാലക്കാരിൽ
سَلَامٌ عَلَىٰ مُوسَىٰ وَهَارُونَ = മൂസാ-ഹാറൂൻമാർക്കു സലാം
إِنَّا كَذَٰلِكَ = ഈ വിധം (തന്നെ) ആകുന്നു നാം
نَجْزِي = പ്രതിഫലം നൽകുന്നത്, സമ്മാനമരുളുന്നത്
الْمُحْسِنِينَ = സുകൃതർക്ക്, നന്മ ചെയ്യുന്നവർക്ക്
إِنَّهُمَا = (അവർ) ഇരുവരും
مِنْ عِبَادِنَا = നമ്മുടെ ദാസന്മാരിൽ പെട്ടവരായിരുന്നു(വല്ലോ)
الْمُؤْمِنِينَ = (യഥാർഥ) സത്യവിശ്വാസികളായ

ഇനി അനുസ്മരിക്കുന്നത് മൂസാ-ഹാറൂൻ പ്രവാചകന്മാരുടെ ചരിത്രമാണ്. ഹാറൂൻ മൂസാ നബിയുടെ സഹോദരനും സഹപ്രവാചകനുമായിരുന്നു. അല്ലാഹു നബിയുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തെ സഹപ്രവാചകനായി നിയമിച്ചുകൊടുക്കുകയായിരുന്നു. ഗൗരവമേറിയ രണ്ടു ദൗത്യങ്ങളാണ് ഈ രണ്ടു പ്രവാചകന്മാർക്കു നിർവഹിക്കാനുണ്ടായിരുന്നത്. ഈജിപ്തിലെ ഖിബ്ത്വികളുടെ അടിമത്തത്തിലമർന്ന സ്വന്തം സമുദായമായ ഇസ്രാഈല്യരെ സംസ്കരിച്ച് സ്വതന്ത്ര ജനതയാക്കി വളർത്തിയെടുക്കുകയായിരുന്നു ഒന്ന്. അന്ന് ഈജിപ്ത് ഭരിച്ചിരുന്ന ഫറവോനെയും ഖിബ്ത്വികളെയും, ഏക ദൈവവിശ്വാസത്തിലേക്കും അവനോടുള്ള വിധേയത്വത്തിലേക്കും പ്രബോധനം ചെയ്യുകയായിരുന്നു മറ്റേത്. അന്നത്തെ സാഹചര്യത്തിൽ രണ്ടും വളരെ ദുഷ്കരമായിരുന്നു.

നൂറ്റാണ്ടുകളായി അടിമകളായി ജീവിച്ച ഇസ്രാഈല്യർ അവരുടെ അടിമത്തവുമായി ഏറക്കുറെ ഇണങ്ങിക്കഴിഞ്ഞിരുന്നു. നല്ല അടിമകളായി വർത്തിക്കുന്നതാണ് രക്ഷയെന്നും സ്വാതന്ത്ര്യത്തിനുവേണ്ടി ശ്രമിക്കുന്നത് തങ്ങളുടെ ദുരിതം വർധിപ്പിക്കുകയേയുള്ളൂവെന്നുമായിരുന്നു പൊതുസമൂഹത്തിന്റെ മനോഭാവം. അടിസ്ഥാനപരമായി ഏകദൈവവിശ്വാസികളായിരുന്നിട്ടും യജമാനഭക്തി വിഗ്രഹാരാധനയിലധിഷ്ഠിതമായ ഖിബ്ത്വി സംസ്കാരത്തോട് അവരെ സമരസപ്പെടുത്തി. സമുദായത്തിലെ ചോരത്തിളപ്പുള്ള കുറേ യുവജനങ്ങൾ മാത്രമായിരുന്നു സ്വാതന്ത്ര്യേച്ഛുക്കൾ. അവരാണ് മൂസാ നബിയിൽ ആത്മാർഥമായി വിശ്വസിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കാൻ സന്നദ്ധരായതും. ഇസ്രാഈല്യരെ പൊതുവിൽ ഏകദൈവവിശ്വാസികളും സ്വാതന്ത്ര്യേച്ഛുക്കളുമാക്കുന്നതിന് അദ്ദേഹം നീണ്ട വർഷങ്ങൾ പ്രബോധനം ചെയ്തുകൊണ്ടിരുന്നു. ഫറവോൻ ഒരിക്കലും ഇസ്രാഈല്യർക്ക് സ്വാതന്ത്ര്യം അനുവദിക്കുകയില്ല എന്നു ബോധ്യമായപ്പോൾ അദ്ദേഹം അവരെയും കൂട്ടി ഈജിപ്തിൽനിന്ന് പലായനം ചെയ്തു. അല്ലാഹു ചെങ്കടലിൽ അവർക്ക് വേണ്ടി അത്ഭുതകരമായി വഴിയൊരുക്കിക്കൊടുത്തു. അങ്ങനെ അവർ മറുകര പറ്റി. അവരെ പിന്തുടർന്ന ഫറവോനും സൈന്യവും ചെങ്കടലിൽ മുങ്ങിയൊടുങ്ങുകയായിരുന്നു. അതേക്കുറിച്ചാണ് മൂസാ-ഹാറൂൻ പ്രവാചകന്മാരെയും അവരുടെ ജനതയെയും അല്ലാഹു മഹാക്ലേശത്തിൽനിന്ന് രക്ഷിച്ചു എന്നു പ്രസ്താവിക്കുന്നത്.

ഇസ്രാഈല്യരെ അല്ലാഹു അത്യത്ഭുതകരമായി സമുദ്രം പിളർത്തി രക്ഷപ്പെടുത്തിയ ശേഷവും ഏകദൈവത്വം പൂർണമായി അംഗീകരിക്കാനോ മൂസാ നബിയെ ആത്മാർഥമായി അനുസരിക്കാനോ ഇസ്രാഈല്യർ തയാറായില്ല. അതിന്റെ ഫലമായി അവർക്ക് നാലു പതിറ്റാണ്ടു കാലത്തോളം മരുഭൂമിയിൽ അലഞ്ഞുനടക്കേണ്ടിവന്നു. എങ്കിലും അക്കാലത്തും അല്ലാഹുവിന്റെ കരുണാകടാക്ഷം അവർക്കു നേരെ ഉണ്ടായിരുന്നു. ആകാശത്തുനിന്ന് മന്നയും സൽവയും ഇറക്കിക്കൊടുത്തുകൊണ്ട് അവരെ പട്ടിണിയിൽനിന്ന് രക്ഷിച്ചു. ഈ അലച്ചിലിൽ അവർക്ക് അനേകം ഗോത്രസമൂഹങ്ങളുമായി ഏറ്റുമുട്ടേണ്ടിവന്നു. അതിലൊക്കെ അവർ ജയിക്കുകയായിരുന്നു. അമാലിഖികളോടും അമോരികളോടും ഏറ്റുമുട്ടിയപ്പോഴാണ് അവർ തോറ്റുപോയത്. ഈ ഏറ്റുമുട്ടലുകളാകട്ടെ മൂസാ നബിയുടെ വിലക്ക് ധിക്കരിച്ചുകൊണ്ട് നടത്തിയതുമാണ്. ഏറ്റുമുട്ടലുകൾ മൂസാ നബിക്കു ശേഷവും തുടർന്നു. അതിൽ ഏറ്റവും നിർണായകമായിരുന്നു ജാലൂത്ത് രാജാവുമായി നടന്ന യുദ്ധം. അതിലും ഇസ്രാഈല്യർ ഗംഭീര വിജയം നേടി. ഇതേക്കുറിച്ചാണ് നാം അവരെ സഹായിക്കുകയും അങ്ങനെ അവർ ജേതാക്കളായിത്തീരുകയും ചെയ്തു എന്നു പറയുന്നത്.

മൂസാ നബിയുടെ കാലത്ത് ഈജിപ്ത് വാണ ഫറവോൻ മഹാധിക്കാരിയായ സ്വേഛാധിപതിയായിരുന്നു. തനിക്കു മീതെയോ തുല്യമോ ആയ ഒരു ശക്തിയെയും അംഗീകരിക്കാത്ത അഹങ്കാരി. മൂസാ (അ) അയാളുടെ മുന്നിൽ ചെന്ന് പ്രപഞ്ചവിധാതാവായ ഏകദൈവത്തിൽ വിശ്വസിക്കണമെന്നും അവനെ ഭയപ്പെട്ട് വർത്തിക്കണമെന്നും ഉദ്ബോധിപ്പിച്ചു. 'എന്തു പ്രപഞ്ച വിധാതാവ്?! ഞാൻ തന്നെയാണ് അത്യുന്നത വിധാതാവ്' എന്നായിരുന്നു അയാളുടെ ഉദ്ധതമായ പ്രതികരണം. തന്റെ ദൈവിക സന്ദേ

ശത്തിന്റെയും പ്രവാചകത്വത്തിന്റെയും സാക്ഷ്യങ്ങളായി മൂസാ(അ) ഒന്നിനുപിറകെ ഒന്നായി ഒൻപതു ദിവ്യദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തി. എല്ലാം കേവല മാന്ത്രികവിദ്യകൾ എന്നായി ഫറവോൻ. അതിലും മികച്ച മാന്ത്രിക വിദ്യകൾ കാണിച്ച് മൂസായെ തോൽപിക്കാൻ അയാൾ സ്വന്തം പ്രജകളിൽ നിന്നുള്ള മാന്ത്രിക വിദഗ്ധരോട് കൽപിച്ചു. പക്ഷെ, മൂസായോട് മത്സരിച്ചപ്പോൾ തോറ്റുപോയത് അവരായിരുന്നു. മൂസാ പ്രത്യക്ഷപ്പെടുത്തിയത് മാന്ത്രികവിദ്യയല്ല, യഥാർഥ ദിവ്യാത്ഭുതങ്ങളാണെന്ന് ബോധ്യപ്പെട്ട മന്ത്രവാദികൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. ആ മന്ത്രവാദികളുടെയൊക്കെ ആചാര്യനാണ് മൂസാ എന്നും അവർ രാജാവിനും രാജ്യത്തിനുമെതിരെ ഒത്തുകളിക്കുകയാണെന്നും വിധിച്ച ഫറവോൻ മന്ത്രവാദികളെ കൈകാലുകൾ ഛേദിച്ച് ശിക്ഷിക്കാനുത്തരവിടുകയും ചെയ്തു.

ഖിബ്ത്വി ദേശീയതയും സംസ്കാരവും തകർത്ത് രാജ്യത്തിന്റെ അധികാരം പിടിച്ചടക്കാനും ദേശീയ ജനതയെ ഈജിപ്തിൽനിന്ന് പുറത്താക്കി രാജ്യം അടിമകളായ ഇസ്രാഈല്യരുടേതാക്കി മാറ്റാനുമാണ് മൂസാ രംഗപ്രവേശം ചെയ്തിരിക്കുന്നതെന്ന് വാദിച്ചുകൊണ്ട് ഫറവോൻ ഖിബ്ത്വികളെ അദ്ദേഹത്തിനെതിരിൽ ഇളക്കിവിടുകയായിരുന്നു. ഇസ്രാഈല്യർക്ക് രാജ്യം തരേണ്ട, ഈ രാജ്യം വിട്ടുപോകാൻ അനുവദിച്ചാൽ മതി, സ്വതന്ത്രമായ സ്വരാജ്യം ഞങ്ങൾ വേറെ സ്ഥാപിച്ചുകൊള്ളാം എന്ന് മൂസാ(അ) അറിയിച്ചപ്പോൾ അതിനും ഫറവോൻ തയാറായില്ല. ഇസ്രാഈല്യർ നാടുവെടിഞ്ഞുപോകുന്നത് തന്റെ അധികാരത്തോടുള്ള വെല്ലുവിളിയായി ഫറവോൻ കരുതി. അതിനുപുറമെ രാജ്യത്തെ പ്രധാന തൊഴിൽ ശക്തിയായി അടിമകൾ കൂട്ടത്തോടെ നാടുവിട്ടു പോകുന്നത് രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് വമ്പിച്ച ആഘാതമുണ്ടാക്കുമെന്നും അയാൾ കണ്ടു. ഈജിപ്തിൽനിന്ന് ഒളിച്ചോടുകയല്ലാതെ ഇസ്രാഈല്യർക്ക് സ്വാതന്ത്ര്യത്തിലേക്ക് വഴിയില്ലായിരുന്നു. മൂസാ നബിയും സമുദായവും അതുതന്നെ ചെയ്തു. ഫറവോനും സൈന്യവും അവരെ പിടികൂടാൻ പിന്തുടർന്നു. ആ പിന്തുടരലാണ് ചെങ്കടലിന്റെ ആഴങ്ങളിൽ അയാളുടെ സമ്പൂർണ നാശത്തിൽ കലാശിച്ചത്.

ഇസ്രാഈല്യരെ ഈജിപ്തിൽനിന്ന് രക്ഷപ്പെടുത്തി സ്വതന്ത്ര സമൂഹമാക്കിയ മൂസാ-ഹാറൂൻ പ്രവാചകന്മാർക്ക് അല്ലാഹു സുവ്യക്തമായ വേദം നൽകി. الْكِتَابَ الْمُسْتَبِينَ എന്നാണ് മൂലവാക്ക്. مبين (തെളിഞ്ഞത്)-ന്റെ അർഥത്തെ ശക്തിപ്പെടുത്തുന്ന രൂപമാണ് مُسْتَبِين. ഏറ്റം തെളിഞ്ഞത് എന്നതുകൊണ്ടുദ്ദേശ്യം സുവ്യക്തവും വിശദവുമായ നിയമനിർദേശങ്ങളുള്ളതാണ്. ആ നിയമപ്രമാണങ്ങൾ കൊണ്ട് അല്ലാഹു അവരെ ശരിയായ സന്മാർഗത്തിലൂടെ നയിച്ചു. الصِّرَاطَ الْمُسْتَقِيمَ -ശരിയായ പാത -എന്നാൽ സത്യദീൻ- ദീനുൽ ഇസ്‌ലാം ആണ്. മൂസാ(അ)ക്ക് തൗറാത്ത് നൽകിയപ്പോൾ അതിലുള്ള വിശ്വാസ തത്ത്വങ്ങളും ശരീഅത്തുമായിരുന്നു الصِّرَاطَ الْمُسْتَقِيمَ. ഏകദൈവത്വം, പ്രവാചകത്വം, പരലോകം, ഉയിർത്തെഴുന്നേൽപ് തുടങ്ങിയ വിശ്വാസ സത്യങ്ങൾ എല്ലാ വേദങ്ങളിലും ഒന്നു തന്നെയാണ്. ശരീഅത്തിൽ മാത്രമേ മാറ്റങ്ങളുണ്ടായിട്ടുള്ളൂ.

وَتَرَكْنَا عَلَيْهِ മുതൽ عِبَادِنَا الْمُؤْمِنِينَ വരെയുള്ള വചനങ്ങൾ നേരത്തേ നൂഹ്, ഇബ്റാഹീം പ്രവാചകന്മാരുടെ ചരിത്രം അനുസ്മരിച്ചപ്പോഴുള്ളതാണ്. വിശദീകരണം അവിടെ കാണുക. മൂസാ നബിയുടെ ചരിത്രം ഇതിനുമുമ്പ് *അൽബഖറ, അന്നിസാഅ്, അൽമാഇദ, അൽ അഅ്റാഫ്, യൂനുസ്, ത്വാഹാ, ഹജ്ജ്, അശ്ശുഅറാഅ്, അന്നംല്, അൽ ഖസ്വസ്വ്* സൂറകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ മൂസാ(അ)യെ അനുസ്മരിക്കുന്നത് ഇക്കാര്യം ഉണർത്താനാണ്. അദ്ദേഹം പ്രബോധന പ്രവർത്തനം തുടങ്ങിയത് മുഹമ്മദ് നബി നേരിടുന്നതിനേക്കാൾ വളരെ പ്രയാസമേറിയ പ്രതികൂല സാഹചര്യത്തിലാണ്. എന്നിട്ടും അദ്ദേഹം സ്വന്തം ജനതയെ സ്വതന്ത്രരാക്കുകയും ദൈവികനിയമങ്ങളാൽ നയിക്കപ്പെടുന്ന സ്വതന്ത്ര രാഷ്ട്രം സ്ഥാപിക്കുകയും ചെയ്തു. അതുപോലെയോ അതിനേക്കാൾ ശോഭനമോ ആയ ഭാവി മുഹമ്മദ് നബിക്കും പിൽക്കാല പ്രബോധകന്മാർക്കും പ്രതീക്ഷിക്കാവുന്നതാണ്. ●